

THURSDAY 22/05/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/05/2025

1. കേര സുരക്ഷാ ഇൻഷുറൻസ് ജില്ലയിൽ തെങ്ങ്കയറ്റ തൊഴിൽ ചെയ്യുന്നവർക്ക് നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന കേരസുരക്ഷാ ഇൻഷുറൻസിൽ അംഗമാകാം. അപേക്ഷകൾ കോഴിക്കോട് സ്വാഭിമാൻ സോഷ്യൽ സർവീസ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. കടന്നൽ കുത്ത്, താൽക്കാലിക അപകടങ്ങൾ എന്നിവക്ക് ആഴ്ചയിൽ 3,500 രൂപ വെച്ച് ആറാഴ്ച വരെ താൽക്കാലിക സമാശ്വാസം, മരണാനന്തര സഹായമായി ഏഴ് ലക്ഷം, പൂർണ അംഗവൈകല്യം ബാധിക്കുന്നവർക്ക് മൂന്നര ലക്ഷം രൂപ വരെ എന്നിവ പദ്ധതിയിൽ ഉൾപ്പെടും. ഫോൺ: 8891889720, 0495 2372666, 9446252689.

2. ഫിഷറീസ് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്ന ജനകീയമത്സ്യകൃഷിയുടെ ഭാഗമായുള്ള വിവിധ മത്സ്യകൃഷി ഘടകപദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക്, കൂട് കൃഷി, പടുതാകുളത്തിലെ മത്സ്യകൃഷി, ഓരു ജലാശയത്തിലെ കൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയാണ് ഘടക പദ്ധതികൾ. താത്പര്യമുള്ളവർ മെയ് 31നകം അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിലോ, ജില്ലാ മത്സ്യഭവൻ, മണക്കാട് പി.ഒ, കമലേശ്വരം ഓഫീസിലോ സമർപ്പിക്കണം. ഫോൺ: 0471-2450773, 0471-2464076.

3. പൂക്കോട് വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലുള്ള ഫാമിൽ ഉൽപാദനം കഴിഞ്ഞ ഗ്രാമശ്രീ കോഴികളെ കിലോയ്ക്ക് 110/- രൂപ എന്ന നിരക്കിൽ വിൽപ്പയ്ക്ക് സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ 9446874402, 8848350105 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ **"കേക്ക് നിർമ്മാണം"** എന്ന വിഷയത്തിൽ **2 ദിവസത്തെ** പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കേക്ക് എങ്ങനെ ഉണ്ടാക്കാം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് ₹1,100/- രൂപ. താല്പര്യമുള്ളവർ **2025 മെയ് 31** -നു മുമ്പായി (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക - 0487-2370773, 8547070773.

5. റബ്ബറിന് വളമിടുന്നതിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് (2025 മെയ് 22-ന്) രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ training@rubberboard.org.in

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി"എന്ന വിഷയത്തിൽ 2025 മേയ് 24ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിലെ, സെമിനാർ ഹാളിൽ വെച്ചു 'തേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ 2025 മെയ് 22 നു ഏകദിന പ്രാഥമിക പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. രജിസ്ട്രഷേൻ ഫീസ് 550/- രൂപ മാത്രം. താല്പര്യമുള്ളവർ 0487-2370773, 8547070773. എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക.

8. ക്ഷീര വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് മത്സരങ്ങൾ യൂപി & ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് മത്സരം എന്നിവ ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 2025 മെയ് മാസം 22 നു വൈകുന്നേരം 4.00 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം. 0471-2440911 6238718457. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്കൂൾ ഐ.ഡി.കാർഡ്/പ്രിൻസിപ്പാളിൻ്റെ സാക്ഷ്യപത്രം എന്നിവ ഇല്ലാത്തവരെ പരിഗണിക്കുന്നതല്ല.

9. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ Organic Interventions for Crop Sustainability യുടെ മൂന്നാമത്തെ ബാച്ചിലേക്ക് അപേക്ഷിക്കാൻ ഉള്ള അവസാന തീയതി 2025 മെയ് 23, ലേക്കു നീട്ടിയിരിക്കുന്നു. പ്ലസ്ടു/ തത്തുല്യ യോഗ്യതയുള്ളവർക്ക് 100 രൂപ അടച്ചു രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്‌ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ

റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487 2371104അല്ലെങ്കിൽ cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ www.kau.in, www.cti.kau.in സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം